## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2028 04-11-2019-ൽ മറുപടിയ്ക്ക്

### ലാലിക്കുട്ടന്റെ മരണവുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി, കുലശേഖരപുരം ഗ്രാമ പഞ്ചായത്തിൽ നീലികുളം വാർഡിൽ സുജിത് എന്ന് വിളിക്കുന്ന ലാലിക്കുട്ടന്റെ മരണവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നും ഈ കേസിൽ സംശയിക്ക പ്പെടുന്ന പ്രതികൾ എത്രയെന്നും വിശദമാക്കുമോ ; | (എ) | രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) | കേസുമായി ബന്ധപ്പെട്ട് എത്ര പേരുടെ സാക്ഷി മൊഴികൾ രേഖപ്പെടുത്തിയെന്നും മരിച്ച ലാലിക്കുട്ടന്റെ അച്ഛന്റെയും അമ്മയുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ; | (ബി) | 48 പേരുടെ സാക്ഷിമൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. മരിച്ച ലാലികുട്ടന്റെ അച്ഛന്റെയും അമ്മയുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ കേസിനോടനുബന്ധിച്ച് പ്രദേശത്ത് സംഘർഷ സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സംഘർഷ സാദ്ധ്യത കണക്കിലെടുത്ത് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഡി) കേസുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

(ഡി) കേസ് അന്വേഷണത്തിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവാകുന്ന പക്ഷം അവരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**